## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *49 — 29.01.2018 ൽ മറുപടിക്ക്

# ഖാദി ഗ്രാമവ്യവസായ മേഖലയുടെ ഉന്നമനത്തിനായി നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>സജി ചെറിയാൻ<br>എൻ. വിജയൻ പിള്ള<br>കെ. ദാസൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഖാദി ഗ്രാമവ്യവസായ മേഖലയുടെ ഉന്നമനത്തിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഖാദി ഗ്രാമം പദ്ധതിക്ക് വേണ്ടി 2017-18 സാമ്പത്തിക വർഷം 4.52 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കാസർഗോഡ്, വയനാട്, കണ്ണൂർ ജില്ലകളിൽ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 60.31 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം ഖാദി ഗ്രാമം പദ്ധതിക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പുതുതായി 250 ചർക്കളും 10 തറികളും സ്പെയർ പാർട്സ് എന്നിവ വാങ്ങുകയും ഗോഡൗൺ സ്ഥാപിക്കുകയും ചർക്ക-തറി റിപ്പയർ സെന്റർ, പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിയ്ക്കാമോ; | (ബി) | 2018-19 വർഷത്തെ ബഡ്ജറ്റിൽ 432 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ,സ്റ്റൂൾ ടോയ്ലെറ്റ്) ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തു പകരം പുതിയ യന്ത്ര സാമഗ്രികൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേക്ക് കടന്നു വരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ ഇവയ്ക്ക് ആവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്സ് ഗോഡൗൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ഖാദി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനത്തിനായി കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>ഗ്രാമ വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണമേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ പരമാവധി 5 ലക്ഷം രൂപയുടെ പ്രോജക്ട് വരെ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക (പി.എം.ഇ.ജി.പി.) പദ്ധതി പ്രകാരം 25 ലക്ഷം രൂപ വരെ ബാങ്ക് വായ്പ |

| | | | |
|---|---|---|---|
| . | | | ലഭ്യമാക്കി ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് മൊത്തം പദ്ധതിയുടെ 25% മുതൽ 35% വരെ സബ്സിഡി നൽകി വരുന്നു. കൂടാതെ ഗ്രാമ വ്യവസായ ഡിപ്പാർട്ട്മെന്റൽ യൂണിറ്റുകളായി 5 റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് കേന്ദ്രങ്ങളും 6 ഹണി പ്രോസസ്സിംഗ് യൂണിറ്റുകളും, 3 ഓയിൽ യൂണിറ്റുകളും, 2 കിടക്ക നിർമ്മാണ യൂണിറ്റുകളും, 4 കൈക്കടലാസ് യൂണിറ്റുകളും, ഒരു സോപ്പ് യൂണിറ്റും ഒരു നോട്ട് ബുക്ക് യൂണിറ്റും, ഒരു മൺപാത്ര യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 175 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. |
| (ഡി) | തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി ഖാദി ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് 2010 – 11 ൽ ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി നടപ്പിലാക്കിയത്. തുടർന്ന് ഈ സർക്കാർ വീണ്ടും 06/08/2018 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ചു പ്രഖ്യാപിക്കുകയുണ്ടായി. പുതിക്കിയ നിരക്കനുസരിച്ച് മിനിമം വേതനത്തിൽ പീസ്റേറ്റ് വിഭാഗം തൊഴിലാളികൾക്ക് 266.30 രൂപയിൽ നിന്ന് 400.60 രൂപയായും ദിവസവേതന തൊഴിലാളികൾക്ക് 283.46 രൂപയിൽ നിന്നും 425 രൂപയായും വർദ്ധിക്കും. ഇതു കൂടാതെ ജീവിത വിലസൂചിയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്തയും ലഭിക്കാൻ അർഹതയുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക പ്രയോജനപ്പെടുത്തിയാണ് ഖാദി |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016 മാർച്ച് മാസം വരെ ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികളുടെ എണ്ണം 13803 ആയിരുന്നത് കഴിഞ്ഞ 2 വർഷം കൊണ്ട് ഇത് 14733 ആയി വർദ്ധിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് അധികം തുക ആവശ്യമായി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 24.5 കോടി രൂപ അനുവദിക്കുകയും ആയത് 13600 തൊഴിലാളികൾക്കു വിതരണം ചെയ്തിട്ടുമുണ്ട്. 2018-19 വർഷത്തിൽ 21.80 കോടി രൂപയും ഖാദി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികളുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നത്. ഈ വർഷം ലഭിച്ച തുകയിൽ 16.80 കോടി രൂപ വിനിയോഗിച്ച് ഖാദി തൊഴിലാളികളുടെ 2018 ജൂലൈ മാസം വരെയുള്ള മിനിമം വേതനം വിതരണം ചെയ്ത് കഴിഞ്ഞു. ബാക്കി ക്ലെയിമുകൾ പരിശോധിച്ച് തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. പുതുക്കി നിശ്ചയിച്ച മിനിമം വേതനം നടപ്പാക്കാൻ പ്രതിവർഷം 55 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. നിലവിലുള്ള കോസ്റ്റ്ചാർട്ട് അഖിലേന്ത്യാ ടിസ്ഥാനത്തിൽ ഖാദി കമ്മീഷൻ |

| | | | |
|---|---|---|---|
| | | | പുതുതായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ പ്രാവർത്തികമാക്കാൻ സന്നദ്ധമായിട്ടില്ല. പുതുക്കിയ മിനിമം കൂലി നടപ്പിലാക്കുന്നതിന് ഖാദി ബോർഡും ഖാദി സ്ഥാപനങ്ങളും കൂടിആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ